**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6542** **11-11-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷിയുടെ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 13.10.2021-ന് തുടങ്ങിയ തീവ്രമഴയിലും പ്രകൃതിക്ഷോഭത്തിലും മണലൂർ നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളിലെ നെൽകൃഷി നശിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നെൽകൃഷിയുടെ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലത്തെ നെൽകൃഷിയാണ് നശിച്ചതെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. 2736.6325 ഏക്കറിലെ (1107.5 ഹെക്ടർ) നെൽകൃഷിയാണ് നശിച്ചത്. |
| (സി) | പ്രസ്തുത നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | 2018 ഒക്ടോബർ 12 മുതൽ 30 വരെയുള്ള കൃഷിനാശത്തിന് ധന സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 15.11.2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കൃഷിനാശം സംഭവിച്ച പാടശേഖരങ്ങളിൽ വീണ്ടും കൃഷി ഇറക്കുന്നതിന് സർക്കാർ ധനസഹായവും, വിത്തും, വളവും, യന്ത്രസാമഗ്രികളും ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുമോയെന്ന് അറിയിക്കാമോ? | (ഡി) | കൃഷിനാശം സംഭവിച്ച പാടശേഖരങ്ങളിൽ വീണ്ടും കൃഷി ഇറക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു. 1. വിതച്ച നെൽവിത്തിന് നാശം സംഭവിക്കുന്ന സാഹചര്യത്തിൽ വീണ്ടും കൃഷിയിറക്കുന്നതിനായി നെൽവിത്ത് കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി (KSSDA) മുഖേന കൃഷി വകുപ്പ് സൗജന്യമായി നൽകി വരുന്നു. നെൽവിത്തിന്റെ കരുതൽ ശേഖരം ഒരുക്കി സൗജന്യമായി വിതരണം ചെയ്യുന്നതിന് 2021-22 വർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മണലൂർ നിയോജക മണ്ഡലത്തിൽ ഞാറ്റടി നശിച്ചുപോയ കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിലേയ്ക്കായി 898 ഹെക്ടറിലേക്ക് 71.790 MT നെൽവിത്ത് |

| | | | |
|---|---|---|---|
| | | | സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. 2. നെൽകൃഷി വികസന പദ്ധതിയിലെ ഘടകമായ സുസ്ഥിര നെൽകൃഷി വികസനത്തിൽ ഉൾപ്പെടുത്തി നെൽകൃഷിക്കാവശ്യമായ വളവും മറ്റ് ഉത്പാദനോപാധികൾക്കുമുള്ള സബ്സിഡിയായി ഒരു ഹെക്ടറിന് 5500/- രൂപ പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നു. 3. ഇതേ പദ്ധതിയിലെ "പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തിര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ബണ്ടുകൾ തകരുകയും മറ്റും ചെയ്യുന്ന സാഹചര്യത്തിൽ ചെയ്യേണ്ടുന്ന അടിയന്തിര പ്രവർത്തികൾ, പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പെട്ടി, പറ, പമ്പ്സെറ്റ്, മറ്റ് മെഷിനറി എന്നിവയുടെ റിപ്പയർ മുതലായ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ആനുകൂല്യം നൽകുന്നു. 2021-22 വർഷം ഇതിനായി 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. 4. കുട്ടനാട്, കോൾ മുതലായ നെൽകൃഷിക്ക് ഡീവാട്ടറിങ്ങ് ആവശ്യമായ പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ പ്രകൃതിക്ഷോഭത്താൽ കൃഷി നഷ്ടപ്പെടുന്ന സാഹചര്യത്തിലും കർഷകർക്ക് പമ്പിങ്ങ് സബ്സിഡി അനുവദിക്കുന്നുണ്ട്. 5. കൂടാതെ നെൽകൃഷിക്ക് ഓരോ സീസണിലും ഹെക്ടറിന് 1000/- രൂപ നിരക്കിൽ ഉത്പാദന ബോണസും ലഭ്യമാക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ നെൽകൃഷിയുടെ വിസ്തൃതിയും മൊത്തത്തിലുള്ള ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ